(ബി) അതനുസരിച്ച് എത്രപേർക്ക് ശുദ്ധജലവിതരണം ചെയ്യുവാൻ ഗവണ്മെൻറിനു സാധിച്ചിട്ടുണ്ട് ;

(സി) തീരപ്രദേശങ്ങളിൽ ശുദ്ധജലവിതരണം ചെയ്യുന്നതിനുള്ള ഗവണ്മെൻറിന്റെ നടപടികൾ അപര്യാപ്തമാണെന്ന് ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) തൽസംബന്ധമായ പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു?

മരാമത്തു വകുപ്പുമന്ത്രി : (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ആലപ്പുഴ പട്ടണത്തിൽ ഒരു ജലവിതരണപദ്ധതിയുണ്ട്. ചേർത്തലയിൽ പരീക്ഷണാർത്ഥം ഒരു കുഴൽക്കിണർ കുഴിപ്പിക്കാൻ Public Health ഡിപ്പാർട്ടുമെൻറിനു നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ആലപ്പുഴയിലെ മൂന്നു കുഴൽക്കിണറുകളിൽനിന്ന് പട്ടണം മുഴുവനും വെള്ളം കൊടുക്കുവാൻ സാധിക്കുന്നുണ്ട്.

(സി) ഉണ്ട്. കാലക്രമംകൊണ്ടു മാത്രമേ ഇതിനു പരിപൂർണ്ണമായ പരിഹാരം നേടാൻ സാദ്ധ്യമാവുകയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) പറവൂർ, കൊല്ലം, വൈക്കം എന്നീ തീരപ്രദേശപട്ടണങ്ങളിൽ ജലവിതരണത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കൊല്ലം ജലവിതരണപദ്ധതി നീണ്ടകരയിലേയ്ക്കും കരുനാഗപ്പള്ളിയിലേയ്ക്കും നീട്ടുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. വൈപ്പിൻകരയിലേയ്ക്കും സമീപപ്രദേശങ്ങളിലേയ്ക്കും പൈപ്പുലൈൻ വഴി എറണാകുളത്തുനിന്നും ശുദ്ധജലവിതരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മറ്റു തീരപ്രദേശങ്ങളിൽ കുഴൽക്കിണറുകൾ കുഴിക്കുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

പമ്പിംഗ് സബ്സിഡി.

* 1018. [50] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലത്തിൽ കൃഷിക്കാർക്കായി പമ്പിംഗ് സബ്സിഡി ഇനത്തിൽ എത്ര തുക ഇതേവരെ അനുവദിക്കപ്പെട്ടിട്ടുണ്ട് ;

(ബി) പമ്പിംഗ് സബ്സിഡി വാങ്ങിച്ചിട്ടുള്ള ചില ജന്മിമാർ യഥാവസരം വെള്ളം പമ്പുചെയ്തിട്ടില്ലെന്നും, അതിന്റെപേരിൽ കൃഷിക്കാർക്ക് വലിയ നഷ്ടം സഹിക്കേണ്ടിവന്നിട്ടുണ്ടെന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) ചേർത്തല താലൂക്കിൽ എത്രപേർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട് ; ആർക്കെല്ലാം?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇക്കൊല്ലത്തിൽ കൃഷിക്കാർക്കായി പമ്പിംഗ് സബ്സിഡി ഇനത്തിൽ നാലര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പരാതികൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചേർത്തല താലൂക്കിൽ ഇക്കൊല്ലം നിശ്ചിതഫാറത്തിൽ അപേക്ഷിച്ചിട്ടുള്ള 61 പേർക്കു സബ്സിഡി അനുവദിച്ചിട്ടുണ്ട്. അവ ഉടൻതന്നെ വിതരണം ചെയ്യുന്നതുമാകുന്നു. അനുവദിച്ചിട്ടുള്ളവരുടെ പേരുവിവരം † മേശമേൽ വച്ചിരിക്കുന്നു.

റേഷനലൈസേഷൻ കമ്മിറ്റി റിപ്പോർട്ട്.

* 1019. [51] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷനലൈസേഷൻ കമ്മിറ്റി റിപ്പോർട്ടു് തയ്യാറായി കഴിഞ്ഞോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ എത്ര ആശുപത്രികൾ, ഡിസ്പെൻസറികൾ തിരുവിതാംകൂർ–കൊച്ചിയിൽ അടുത്തകൊല്ലം ആരംഭിക്കും;

(സി) തൊടുപുഴ താലൂക്കിൽ കരിംകുന്നത്തു ഒരു ഡിസ്പെൻസറി തുടങ്ങുന്നതിനെ സംബന്ധിച്ചു് നിവേദനം ലഭിച്ചിട്ടില്ലേ;

(ഡി) അതിന്മേൽ എന്തുനടപടി എടുത്തു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം.):

(എ) കഴിഞ്ഞു.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ഉണ്ടു്.

(ഡി) കമ്മിറ്റിയുടെ ശുപാർശകളിന്മേൽ തീരുമാനമെടുത്തശേഷം ഇതിനെപ്പറ്റി ആലോചിക്കാം എന്നു തീരുമാനിച്ചു.

വനം സർവ്വെ.

* 1020. [52] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ രാജ്യത്തിന്റെ വിസ്തീർണ്ണത്തിൽ എത്ര ശതമാനം വനമായി സൂക്ഷിക്കപ്പെട്ടുവരുന്നു;

(ബി) വർദ്ധിച്ചുവരുന്ന ഈ രാജ്യത്തെ, ഭൂമിരഹിതരായ ജനങ്ങൾക്കു കുറെക്കൂടി ഭൂമി വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അടുത്തകാലത്തു വനത്തെസംബന്ധിച്ചു വല്ല സർവ്വെയും നടത്തിയിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉദ്ദേശം 33 ശതമാനം.

(ബി) ഭക്ഷ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുവാനായി വിട്ടുകൊടുത്തിട്ടുള്ള സ്ഥലങ്ങളിൽനിന്നും വന സംരക്ഷണത്തിനു അത്യന്താപേക്ഷിതമല്ലാത്ത സ്ഥലങ്ങൾ വിട്ടുകൊടുക്കുവാൻ ഉദ്ദേശമുണ്ടു്.

(സി) വനത്തിൽനിന്നും ഒഴിവാക്കപ്പെടേണ്ട സ്ഥലങ്ങളിൽ ചില ഭാഗങ്ങൾ സർവ്വെ ചെയ്തിട്ടുണ്ടു്.

* Please See Appendix XXV

LIBRARY ARCHIVES Kerala Legislative Assembly